

**Fr Francis Joseph Vattukulam SDB**
(Mission Procurator)
Mob: +91 94479 58777 / +91 94491 20914
E-mail: officemp@dbbangalore.org (Office)
mp@dbbangalore.org (Personal)

September 2025

മിശിഹായിൽ പ്രിയ സഹോദരീ/സഹോദരാ,

ദൈവകൃപയാൽ എല്ലാവർക്കും സുഖമെന്നു കരുതുന്നു. താങ്കൾക്കും താങ്കളുടെ എല്ലാ പ്രിയപ്പെട്ടവർക്കും ഞങ്ങളുടെ എല്ലാവരുടെയും സ്നേഹാന്വേഷണങ്ങൾ.

നാം താമസിയാതെ നവംബർ മാസത്തിലേക്ക് പ്രവേശിക്കുകയാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം നവംബർ മാസം, നമ്മെ വിട്ടുപിരിഞ്ഞ പ്രിയപ്പെട്ടവരുടെ ആത്മാക്കളെ നന്ദിയോടും സ്നേഹത്തോടും സ്മരിക്കാനും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാനും പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട സമയമാണ്. ഭൂമിയിൽ നമ്മോടു വിടപറഞ്ഞവർക്കായി നമുക്കു ചെയ്യാവുന്ന ഏറ്റവും അഭിലഷണീയവും അവർക്ക് ഉപകാരപ്രദവുമായത് നമ്മുടെ പ്രാർത്ഥനയാണ്. പരേതരുടെ ആത്മാക്കൾക്കായി അർപ്പിക്കപ്പെടുന്ന ഓരോ ദിവ്യബലിയിലുടെയും അവർ കൂടുതൽ ശുദ്ധീകരിക്കപ്പെടുകയും ദൈവത്തോട് കൂടുതൽ അടുക്കുകയുമാണ്.

നിങ്ങളുടെ ജീവിതത്തിൽനിന്നും ദൈവസന്നിധിയിലേക്കുപോയ എല്ലാ ആത്മാക്കളേയും നവംബർ മാസത്തിലെ എന്റെ ദിവ്യബലിയിൽ പ്രത്യേകം സ്മരിക്കുന്നതാണ്. ഏതെങ്കിലും വ്യക്തികളുടെ ആത്മാക്കളുടെ നിത്യശാന്തിക്കായി ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ, ആ വ്യക്തിയുടെ/ വ്യക്തികളുടെ പേരും അനുബന്ധവിവരങ്ങളും എനിക്കയച്ചുതരിക. **ഒറ്റ കുർബ്ബാനയായോ, ഗ്രിഗോറിയൻ കുർബ്ബാനയായോ** (ഒരു വൈദീകൻ തന്നെ തുടർച്ചയായി മുപ്പതുദിവസം ഒരു നിയോഗത്തിനായി അർപ്പിക്കുന്ന ദിവ്യബലികൾ) നിങ്ങളുടെ ആവശ്യപ്രകാരം ഞാനോ എന്റെ സഹസലേഷ്യൻ വൈദീകരോ ദിവ്യബലികൾ അർപ്പിക്കുന്നതാണ്. നിങ്ങൾ അയച്ചുതരുന്ന പേരുകളും നിയോഗങ്ങളും ഡോൺ ബോസ്ക്കോ പ്രൊവിൻഷ്യാൾ ഹൗസിലെ നിയോഗപെട്ടിയിൽ നിക്ഷേപിച്ച് **2026 ഒക്ടോബർ 31** വരെയുള്ള എല്ലാ ദിവസങ്ങളിലും ഈ നിയോഗങ്ങൾ പ്രത്യേകം സ്മരിച്ച് പ്രാർത്ഥിക്കുന്നതാണ്.

പ്രാർത്ഥനക്കും ദിവ്യബലികൾക്കുമായുള്ള ക്രമീകരണങ്ങൾ കാര്യക്ഷമമായി ചെയ്യുന്നതിനായി ഇതിനോടൊപ്പമുള്ള ലിസ്റ്റ് **ഒക്ടോബർ 25** നകം മിഷൻ ഓഫീസിൽ ലഭിക്കത്തക്കവണ്ണം പൂരിപ്പിച്ച് അയക്കുമല്ലോ. ഈ നിയോഗങ്ങൾക്കായി നിങ്ങൾ അയക്കുന്ന തുക സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരുടെ ഉന്നമനത്തിനായിരിക്കും നാം ഉപയോഗപ്പെടുത്തുക. നിങ്ങളുടെ അകമഴിഞ്ഞ സഹായങ്ങൾക്കും പിൻതുണക്കും സ്നേഹത്തിനും നന്ദി. യേശുനാഥൻ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ, നമ്മിൽനിന്നും വേർപിരിഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ടവർക്ക് നിത്യശാന്തി ലഭിക്കുമാറാകട്ടെ!

സ്നേഹത്തോടെ, പ്രാർത്ഥനയുടെ ഐക്യത്തിൽ,

ഫ്രാൻസിസച്ചൻ

പ്രിയ ഫ്രാൻസിസച്ചാ,

**ഞങ്ങളുടെ പ്രിയപ്പെട്ട പരേതർക്കായി താഴെപറയുംപ്രകാരം**
**നവംബർ മാസത്തിൽ വിശുദ്ധബലി അർപ്പിക്കണമെന്ന് അപേക്ഷിക്കുന്നു**

| നമ്പർ | പരേതരുടെ പേരുകൾ | കുർബ്ബാനകളുടെ എണ്ണം |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |

പേര്: ഒപ്പ്:

**പേരും വിലാസവും**

..........................................................................................................

..........................................................................................................

.............................................................................. Code:......................

E-mail:............................................................ Mob:...........................................

ഇതിന്റെ ഫോട്ടോ എടുത്ത്,
E-mail വഴിയോ, WhatsApp വഴിയോ അയക്കാവുന്നതാണ്.

പൂരിപ്പിച്ച ലിസ്റ്റ് **2025 ഒക്ടോബർ 25**ന് മുൻപായി അയച്ചുതരിക.